## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 45** **19.03.2013 ലെ മറുപടിയ്ക്ക്**

### അനധികൃത ഓൺലൈൻ ലോട്ടറി വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**ശ്രീ. ജയിംസ് മാത്യു**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറികളുടെ അനധികൃത വിൽപ്പനയും, നറുക്കെടുപ്പും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഒറ്റ അക്കനമ്പർ, രണ്ടക്ക നമ്പർ തുടങ്ങിയ ലോട്ടറികൾ ഓൺലൈനായി വിൽപ്പന നടത്തുന്ന എത്ര കേസ്സുകൾ ഏതെല്ലാം സ്ഥലങ്ങളിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;<br><br>(സി) ഇത് സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വിശദമാക്കാമോ; | (ബി) & (സി) ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ, എന്നിങ്ങനെ ചൂതാട്ട സ്വഭാവത്തിലുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നല്കുന്ന ലോട്ടറി, ഫോൺ മുഖേന നമ്പർ നല്കുന്ന ലോട്ടറി എന്നിങ്ങനെ നിയമവിരുദ്ധമായ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 51 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അവ ഇപ്രകാരമാണ്. പത്തനംതിട്ട-1, ആലപ്പുഴ-2, കോട്ടയം-3, ഇടുക്കി-1, എറണാകുളം-2, തൃശ്ശൂർ-3, മലപ്പുറം-4, കോഴിക്കോട്-7, കണ്ണൂർ-9, കാസർഗോഡ്-19. |

| | | | |
|---|---|---|---|
| (ഡി) | നിയമവിരുദ്ധ ലോട്ടറികളെ നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (ഡി) | പോലീസ്, വാണിജ്യനികുതി വകുപ്പ്, ലോട്ടറി വകുപ്പ് എന്നീ ഉദ്യോഗസ്ഥർ വകുപ്പുതലത്തിലും കൂട്ടായ നടപടികളിലൂടെയും അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇന്റലിജൻസ് ADGP യുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സെല്ലും അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സെല്ലുകളും ഇതുസംബന്ധിച്ച നിയമനടപടികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തുവരുന്നു. കൂടാതെ നിയമവിരുദ്ധ ലോട്ടറികളുടെ വില്പന സംബന്ധിച്ച് പോലീസ് രഹസ്യാന്വേഷണങ്ങളും നിരീക്ഷണങ്ങളും നടത്തി വരുന്നു. |
| (ഇ) | ഇതനുസരിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് വിവിധ അധികാരങ്ങൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ഇ) | ലോട്ടറി ആക്ട്, ലോട്ടറി റൂൾസ്, ലോട്ടറി നികുതി ആക്ട്, ഗെയിമിംഗ് ആക്ട് എന്നിവയുടെ ലംഘനങ്ങൾ നേരിട്ടും മോണിറ്ററിംഗ് സെൽ മുഖാന്തിരവും ലോട്ടറി വകുപ്പ് പോലീസിന്റെയും വാണിജ്യ നികുതി വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി ലോട്ടറി ആക്ട്, ഗെയ്മിംഗ് ആക്ട്, IPC എന്നിവ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എല്ലാ Station House Officer-ക്കും ഓൺലൈൻ ലോട്ടറികളുടെ അനധികൃത വില്പനയും നറുക്കെടുപ്പും തടയാനും നിയമപരമായി നടപടി എടുക്കുന്നതിനും അധികാരമുണ്ട്. |
| (എഫ്) | ഇതിന്റെയടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (എഫ്) | ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ മോണിറ്ററിംഗ് സെൽയോഗം പതിവായിചേർന്ന്, അനധികൃത ലോട്ടറി തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പോലീസ്, ഭാഗ്യക്കുറി, വാണിജ്യനികുതി വകുപ്പുകൾക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ